മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഡ്ജറ്റിൽ പ്രൊവിഷനില്ലെങ്കിലും സ്പെഷ്യൽ കംപോണന്റ് പ്ലാനിൽ ഒരു ലക്ഷം രൂപ ഇതിനായിട്ട് കണ്ടെത്തിയിട്ടുണ്ട്. അതിനുള്ള വർക്ക് തുടങ്ങാനുള്ളതായ നിർദ്ദേശം കൊടുക്കാം.

(20) തൃത്താല നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണം

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ. എന്റെ നിയോജകമണ്ഡലത്തിൽ 8 പഞ്ചായത്തുകളും ഉണ്ട്. ആ 8 പഞ്ചായത്തിലും റൂറൽ വാട്ടർ സപ്ലൈ സ്കീമില്ല. അവിടെയുള്ള ജനങ്ങൾ വേനൽക്കാലത്ത് ശുദ്ധജലം ലഭിക്കാതെ വളരെ കഷ്ടപ്പെടുകയാണ്. തൃത്താലയിൽ ഒരു വാട്ടർസപ്ലൈ സ്കീമുണ്ട്. ആ സ്കീമിന്റെ പ്രയോജനം തൃത്താലയിലെ ജനങ്ങൾക്കല്ല; ഗുരുവായൂർ ടൗൺഷിപ്പിലെ ജനങ്ങൾക്കാണ് ലഭിക്കുന്നത്. ഇതു പലപ്രാവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഞാൻ ആ പഞ്ചായത്തുകളുടെ പേരുകൾ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. ഈ 8 പഞ്ചായത്തുകളിലെ ജനങ്ങളും വേനൽക്കാലത്ത് ശുദ്ധജലം ലഭിക്കാതെ അനുഭവിക്കുന്ന കഷ്ടപ്പാടുകൾക്ക് ഒരു പരിഹാരം ഉണ്ടാക്കാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരുകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുന്നു. ഒരു ബൃഹത്തായ സ്കീമിന്റെ പ്രവർത്തനത്തിനുവേണ്ടി നെതർലണ്ട്സ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒരു പദ്ധതി തയ്യാറാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സ്വീകരിച്ചിട്ട് വളരെ കാലങ്ങളായി. ആ പദ്ധതി നടപ്പിലാക്കുന്നപക്ഷം തൃത്താലയിലെ പല പഞ്ചായത്തുകൾക്കും അതിന്റെ ബനിഫിറ്റ് കിട്ടും. അതുകൊണ്ട് ആ പദ്ധതി ഉടനടി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ. 8 പഞ്ചായത്തുകളിലും ശുദ്ധജലവിതരണപ്രകരണങ്ങൾ ഒന്നുമില്ലായെന്നു പറഞ്ഞത് ശരിയല്ല. ചാലിശ്ശേരി, തൃത്താല, തിരുവേഗപ്പുറ എന്നിവിടങ്ങളിൽ ചെറിയതോതിൽ ശുദ്ധജലവിതരണ പദ്ധതികളും ഉണ്ട്. ഭാഗികമായി ശുദ്ധജലം കൊടുക്കുന്നുമുണ്ട്. പക്ഷേ അതുകൊണ്ട് മാത്രമായില്ല ഈ പ്രദേശങ്ങളേയും അതിന്റെ അടുത്ത പ്രദേശങ്ങളേയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് ചാലിശ്ശേരി–പാവറട്ടി പദ്ധതിക്കുവേണ്ടി നെതർലണ്ട്സ് ഗവൺമെന്റുമായി ഞാനിന്റെ ചർച്ച നടന്നുവരികയാണ്. അപ്രയിസലും പ്രിഅപ്രയിസലും, അതിന്റെ കണ്ടീഷനുമൊക്കെ നോക്കിക്കഴിഞ്ഞു. അതിന്റെ എഗ്രിമെന്റ് ഒന്നുരണ്ടു ആഴ്ചകൊണ്ടുതന്നെ ഫൈനലൈസ് ചെയ്യാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അതുവന്നുകഴിഞ്ഞാൽ ഈ പഞ്ചായത്തുകളിലൊക്കെ ശുദ്ധജലവിതരണം എത്തിക്കാൻ കഴിയും.

(21) ക്രിസ്തുമതം സ്വീകരിച്ച പട്ടികജാതിക്കാരുടെയും മറ്റും പുരോഗതിക്കുവേണ്ടിയുള്ള കോർപ്പറേഷൻ

ശ്രീ. സി. എഫ്. തോമസ്: സർ, മതപരിവർത്തനം ചെയ്ത് ക്രിസ്തുമതം സ്വീകരിച്ച പട്ടികജാതിക്കാർക്കും മറ്റു ശുപാർശചെയ്യപ്പെട്ടവർക്കുംവേണ്ടിയുള്ള കോർപ്പറേഷൻ സാമ്പത്തിക പ്രതിസന്ധിയി

LIBRARY ARCHIVES Kerala Legislative Assembly

ലേക്ക് നീങ്ങുകയാണ്. 25 ലക്ഷത്തോളം ആളുകൾക്ക് പട്ടികജാതിക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതപ്പെട്ട ഈ സമൂഹത്തിന്റെ സാമൂഹ്യ–സാംസ്കാരിക–സാമ്പത്തിക ഉയർച്ചക്കുവേണ്ടിയാണ് ഈ ഗവൺമെന്റ് ആ കോർപ്പറേഷൻ ഉണ്ടാക്കിയത്. പക്ഷേ ഇന്നവർ പ്രഖ്യാപിച്ചിരിക്കുന്ന ക്ഷേമപരിപാടികൾക്കൊന്നും പണമില്ലാതെവന്നിരിക്കുകയാണ്. കർഷകത്തൊഴിലാളികൾക്ക് ഭൂമി വാങ്ങിക്കൊടുക്കാൻ വേണ്ടിമാത്രം 1338 അപേക്ഷയുണ്ട്. അതിന് രണ്ട് കോടിരൂപ വേണം. സ്വയംതൊഴിൽ കണ്ടെത്താനായിട്ട് ആട്ടോറിക്ഷ വാങ്ങാനും, വിശേഷത്ത് ജോലിതേടിപ്പോകുന്ന പാവപ്പെട്ട ഈ സമൂഹത്തിൽപ്പെട്ട ആളുകൾക്ക് സഹായം ചെയ്യാനായിട്ടും. സ്കോളർഷിപ്പുകൾക്കും, ഇതിനൊന്നും ആവശ്യമുള്ള പണമില്ലാതെ വിഷമിക്കുകയാണ്, ആ കോർപ്പറേഷൻ. നമ്മുടെ സമൂഹത്തിലെ ഏറ്റവും ദുർബ്ബലവിഭാഗമെന്നു വിശേഷിപ്പിക്കപ്പെടാവുന്ന ആ വിഭാഗത്തിന്റെ ആകെ ആശ്രയമായ ഈ കോർപ്പറേഷന് ആവശ്യമായ സഹായം ഗവൺമെന്റ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ കോർപ്പറേഷൻ 1980-ൽ രൂപീകരിച്ചുവെങ്കിലും 1983 വരെ അതിനാവശ്യമായിട്ടുള്ള പണംകൊള്ളിക്കൽ നടപടിയുണ്ടായിട്ടില്ല. ഇതിന്റെ മൊത്തം ക്യാപിറ്റൽ 5 കോടി രൂപയാണ്. 1983–നുശേഷം 50 ലക്ഷത്തോളം രൂപ ഗവൺമെന്റ് ഇതിനായിട്ട് കൊടുത്തിട്ടുണ്ട്. ഇപ്പോൾ ആ കോർപ്പറേഷൻ പുനഃസംഘടിപ്പിച്ച് അതിന്റെ പ്രവർത്തനം കാര്യമായിട്ട് ആരംഭിച്ചിരിക്കുകയാണ്. 137 ആളുകൾക്ക് ഇതിനകം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. 50 ലക്ഷം രൂപ അവർക്ക് അനുവദിച്ചതിൽ 20 ലക്ഷത്തിൽപ്പരം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ: 30 ലക്ഷം ഇനി ചെലവഴിക്കാൻ ബാക്കിയായിട്ടാണ് കാണുന്നത്. ഏതായാലും ആ പദ്ധതി മുന്നോട്ടു പോകുന്നതനുസരിച്ച്, ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് പണം കൊടുക്കുന്നതായിരിക്കും.

(22) സ്വകാര്യ ബസ്സിന് താൽക്കാലിക പെർമിറ്റ് നൽകുന്നതിൽ ഏർപ്പെടുത്തിയ നിയന്ത്രണം

ശ്രീ. വി. വി. ജോസഫ്: സ്വകാര്യ ബസ്സുകൾക്ക് അനുവദിച്ച ആറുമാസക്കാലത്തേക്ക് പെർമിറ്റുകൾ കൊടുക്കേണ്ടതില്ലയെന്ന് ഗവൺമെന്റിൽനിന്നും കളക്ടർമാർക്ക് കൊടുത്ത നിർദ്ദേശം കെ. എസ്. ആർ. ടി. സി. സർവ്വീസ് കുറവായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ യാത്രാക്ലേശം അനുഭവിക്കുന്ന ജനങ്ങൾക്ക് ഇടിവെട്ടോറവനു പാമ്പ് കടിയേറ്റ അനുഭവമാണ് ഉണ്ടാക്കിയിരിക്കുന്നത്. പക്ഷേ പെർമിറ്റുകൾ കൊടുക്കരുതെന്നാണ് ഇപ്പോൾ നിർദ്ദേശം. അതിനുവേണ്ടി ഗസറ്റിൽ പരസ്യപ്പെടുത്തി അതിന്റെ നടപടിക്രമം പൂർത്തിയാകുന്നതിനുതന്നെ ആറുമാസം വേണ്ടിവരും. പത്തു കിലോമീറ്റർ എക്സ്റ്റൻഷൻ കൊടുക്കാമെന്നു പറഞ്ഞു. എക്സ്റ്റൻഷൻ വേണമെങ്കിൽ അപേക്ഷിക്കണം. മിക്കവരും അപേക്ഷിക്കുകയില്ല. അതുകൊണ്ട് എം. എൽ. എ. മാർ നിർദ്ദേശിക്കുന്ന റൂട്ടുകളിലെങ്കിലും സ്വകാര്യ ബസ്സുകൾക്ക് താൽക്കാലിക പെർമിറ്റുകൾ കൊടുക്കുവാൻ അടിയന്തിര നിർദ്ദേശം കൊടുക്കണമെന്നാണ് എനിക്ക് അപേക്ഷിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly